ഉത്തരം

(എ) സഹകരണ ഇലക്ഷൻ കമ്മീഷനെ നിയമിക്കുവാൻ തീരുമാനം ആയിട്ടുണ്ട്. കോ-ഓപ്പറേറ്റീവ് സർവ്വീസ് എക്സാമിനേഷൻ ബോർഡ് രൂപീകരിച്ചു. ബോർഡ് നിലവിൽ വന്നിട്ടുണ്ട്.

(ബി&സി) സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിബന്ധനകൾക്കും വ്യവസ്ഥകൾക്കുമുള്ള ചട്ടങ്ങൾ നിലവിൽ വന്നിട്ടുണ്ട്. കോ-ഓപ്പറേറ്റീവ് സർവ്വീസസ് എക്സാമിനേഷൻ ബോർഡ് 25-1-2001-ൽ നിലവിൽ വന്നു. ഡോക്ടർ എൻ. രാജൻ നായർ ചെയർമാൻ, ശ്രീമതി കെ. എം. കല്യാണി മെമ്പർ, ശ്രീ. കെ. രാധാകൃഷ്ണൻ മെമ്പർ, സെക്രട്ടറി എന്നിവരെ ഉൾപ്പെടുത്തി സഹകരണ റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

പിരിച്ചുവിട്ട സഹകരണ സംഘങ്ങളുടെ ഡയറക്ടർ ബോർഡ്

151 (376) ശ്രീ. പി. പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര സഹകരണ സംഘങ്ങളുടെ ഡയറക്ടർ ബോർഡ് പിരിച്ചുവിട്ടിട്ടുണ്ട് ;

(ബി) ഈ കാലഘട്ടത്തിൽ ഗവൺമെന്റ് പിരിച്ചുവിട്ട എത്ര സഹകരണ സംഘങ്ങളുടെ ഡയറക്ടർ ബോർഡിന്റെ പിരിച്ചുവിടൽ ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ട് ;

(സി) ഇപ്രകാരം സ്റ്റേ ചെയ്തശേഷം ഹൈക്കോടതിയുടെ അന്തിമവിധിയുടെ അടിസ്ഥാനത്തിൽ എത്ര ഡയറക്ടർ ബോർഡുകളുടെ പിരിച്ചുവിടൽ റദ്ദാക്കിയിട്ടുണ്ട് ;

(ഡി) ഇപ്രകാരം റദ്ദാക്കിയ സംഭവങ്ങളിൽ ഹൈക്കോടതി ഗവൺമെന്റിന്റെ പിരിച്ചുവിടൽ തീരുമാനത്തെ വിമർശിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര വിധികളിൽ എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 103 സഹകരണ സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡ് പിരിച്ചുവിട്ടിട്ടുണ്ട്.

(ബി) ഈ കാലഘട്ടത്തിൽ 32 സഹകരണ സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡ് പിരിച്ചുവിടൽ ഹൈക്കോടതി ഉത്തരവ് മുഖേന സ്റ്റേ ചെയ്തിട്ടുണ്ട്.

(സി) ഇപ്രകാരം സ്റ്റേ ചെയ്തശേഷം ഹൈക്കോടതിയുടെ അന്തിമ വിധിയുടെ അടിസ്ഥാനത്തിൽ 20 ഡയറക്ടർ ബോർഡുകളുടെ പിരിച്ചുവിടൽ റദ്ദാക്കിയിട്ടുണ്ട്.

(ഡി) വകുപ്പുതല നടപടിയെ ഹൈക്കോടതി ഒരു വിധിയിൽ വിമർശിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly